ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ട
റുടെ കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം.

EX. IX-1/ 002305/HSE/2017 **തിയതി : 08/10/2018**

## സർക്കുലർ

വിഷയം;- ഹ.സെ.വി.വ. - ഹയർസെക്കന്ററി തുല്യതാ പരീക്ഷ നവംബർ 2018
- ചീഫ് സൂപ്രണ്ട്മാരുടെ യോഗം - സംബന്ധിച്ച്

സൂചന:- 1) വിജ്ഞാപനം നമ്പർ EX – IX/ 018770/HSE/2017തീയതി 20/08/2018

ഹയർസെക്കന്ററി തുല്യതാ കോഴ്സിന്റെ ഒന്നും രണ്ടും വർഷ/സപ്ലിമെന്ററി തുല്യതാ പരീക്ഷകൾ സൂചന (1) പ്രകാരം നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരുടെയും സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർമാരുടെയും ഒരു യോഗം 20/10/2018 രാവിലെ 10.30 ന് എറണാകുളം ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ (സൗത്ത് റയിൽവേ സ്റ്റേഷന് സമീപം) വച്ച് ചേരുകയാണ്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ അതാത് സ്കൂളുകളിലെ പ്രിൻസിപ്പാൾമാരോ പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന അദ്ധ്യാപകനോ/അദ്ധ്യാപികയോ ആയിരിക്കും.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)

ഉള്ളടക്കം : 1) യോഗം സംബന്ധിച്ച ഉത്തരവ്

# ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം.

## ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - 2018 നവംബർ മാസത്തിൽ നടക്കുന്ന ഹയർ സെക്കന്ററി തുല്യതാ പരീക്ഷ - ചീഫ് സൂപ്രണ്ടുമാരുടെ യോഗം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ഉത്തരവ് നം: EX – IX-1/ 14737/HSE/2016 തീയതി : 09/10/2018

---

സൂചന:- 1) വിജ്ഞാപനം നമ്പർ EX – IX/ 018770/HSE/2017തീയതി 20/08/2018

## ഉത്തരവ്

ഹയർ സെക്കന്ററി തുല്യതാ കോഴ്സിന്റെ ഒന്നും രണ്ടും വർഷ/സപ്ലിമെന്ററി പരീക്ഷ 2018 നവംബർ 17 -ാം തീയതി മുതൽ നടത്തുന്നതിനുള്ള വിജ്ഞാപനം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരുടേയും സാക്ഷതരാ മിഷൻ ജില്ല കോ-ഓർഡിനേറ്റർമാരുടേയും ഒരു യോഗം 20/10/2018 രാവിലെ 10.30 ന് എറണാകുളം ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് ചേരുകയാണ്. ഈ യോഗത്തിൽ പങ്കെടുക്കുന്നതിന് താഴെ പറയുന്ന ഓഫീസർമാരേയും ജീവനക്കാരെയും കമ്പ്യൂട്ടർ പ്രോഗ്രാമേഴ്സിനേയും നിയമിച്ചു കൊള്ളുന്നു.

1) ഡോ.എസ്.എസ്. വിവേകാനന്ദൻ (ജോയിൻറ് ഡയറക്ടർ, പരീക്ഷാവിഭാഗം)
2) ശ്രീമതി. മിനി.എസ് (ഡെപ്യൂട്ടി ഡയറക്ടർ, പരീക്ഷാ വിഭാഗം)
3) ശ്രീ. ഷാജി.എസ്.എം. (സൂപ്രണ്ട്, EX-IX)
4) ശ്രീ. അനീഷ്കുമാർ.പി. (സീനിയർ ക്ളാർക്ക്, EX-IX)
5) ശ്രീ. വിനോദ്. വി (സിസ്റ്റം മാനേജർ, VTM NSS HSS, Dhanuvachapuram)
6) ശ്രീ. രാജ്മോഹൻ. വി.ജി. (സിസ്റ്റം മാനേജർ, GBHSS, Kayamkulam, Alappuzha)

ഈ യോഗത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരും ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും കൂടി പങ്കെടുക്കുന്നതാണ്.

യോഗത്തിൽ പങ്കെടുക്കുന്നവർക്ക് നിയമാനുസൃത യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതും ഈ തുക തുല്യതാ പരീക്ഷാ നടത്തിപ്പ് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതുമാണ്. ചീഫ് സൂപ്രണ്ടുമാർ, സാക്ഷരതാ

ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ യാത്രാപ്പടി പരീക്ഷാ നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ നിന്നും മറ്റു ഓഫീസർമാരുടേയും ജീവനക്കാരുടേയും യാത്രാപ്പടി ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കേണ്ടതാണ്.

ഒപ്പ്/-
പി.കെ.സുധീർബാബു IAS
**ഡയറക്ടർ**

പകർപ്പ് :
1) ഡയറക്ടറുടെ പി.എ.
2) പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറുടെ സി.എ.
3) ഫിനാൻസ് ഓഫീസറുടെ സി.എ
4) ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ
5) പ്രിൻസിപ്പാൾ, ജി.ജി. എച്ച് എസ് എസ്, എറണാകുളം (യോഗത്തിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതിനായി)

അംഗീകാരത്തോടെ

ഒപ്പ്/-
സൂപ്രണ്ട്